"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ശ്രീ. ബിജു. പി. പോൾ, ഫിനാൻസ് ഓഫീസർ - അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമനം നൽകി- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.2351/2025/LSGD തീയതി,തിരുവനന്തപുരം, 26-09-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.894/2019-തസ്വഭവ തീയതി 28/10/2019
2. സ.ഉ(സാധാ) നം.2447/2023-തസ്വഭവ തീയതി 08.12.2023
3. സ.ഉ(സാധാ) നം.2587/2024-തസ്വഭവ തീയതി 31.12.2024
4. സ.ഉ(സാധാ) നം.708/2025/തസ്വഭവ തീയതി 17/03/2025
5. സ.ഉ(സാധാ) നം.2296/2025/പൊഭവ തീയതി 26/05/2025
6. ധനകാര്യ വകുപ്പിന്റെ 06.06.2025-ലെ 2563062/ഭരണം. എ2/248/2023-ധന നം അനൗദ്യോഗിക കുറിപ്പ്
7. സ.ഉ(സാധാ) നം.1860/2025/തസ്വഭവ തീയതി 28/07/2025

**ഉത്തരവ്**

പരാമർശം (1) പ്രകാരം രൂപീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ റീബിൽഡ് കേരള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ധനകാര്യ സെക്രട്ടറിയായിരുന്ന ശ്രീ.ബിജു.പി.പോളിനെ പരാമർശം (2) പ്രകാരം ഫിനാൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചതിനാൽ ടിയാന്റെ അന്യത്രസേവന കാലാവധിയും പരാമർശം (4) പ്രകാരം ജൂൺ 30 വരെ അനുവദിച്ചിരുന്നു.

പരാമർ ശം ( 5 ) പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ചതിനെ തുടർന്ന് ശ്രീ. ബിജു. പി. പോളിനെ ധനകാര്യ വകുപ്പിൽ നിയമിച്ചു. തുടർന്ന്, ടിയാന് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള ശിപാർശ പരാമർശം ( 6 ) പ്രകാരം സമർപ്പിച്ചിരുന്നു.

പരാമർ ശം ( 7 ) ഉത്തരവ് പ്രകാരം പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനം, ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക്

കീഴിൽ നിലനിർത്തിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നിലനിർത്തിയിട്ടുള്ള ഒരു ഫിനാൻസ് ഓഫീസർ തസ്തികയിലാണ് നിലവിൽ നിയമനം നൽകേണ്ടത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.ബിജു. പി. പോൾ ന് (പെൻ 103805) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കീഴിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനവുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾക്കും ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, റീബിൽഡ് കേരള പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷത്തേയ്ക്കോ ഏതാണോ കുറവ് അത്രയും കാലത്തേക്ക് അന്യത്ര സേവന നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീ.ബിജു. പി. പോൾ , ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പ്

ധനകാര്യ (ഭരണം-എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 26-09-2025 11:40:51